LIBRARY ARCHIVES Kerala Legislative Assembly

ലേബർകോടതികളിലെ തീർപ്പു കൽപ്പിക്കാത്ത കേസുകൾ

242 [413] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിപ്പോൾ ലേബർ കോടതികളിൽ എത്ര കേസുകൾ തീർപ്പ് കൽപ്പിക്കാതെ കിടപ്പുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽപ്പെട്ട കേസുകൾ എത്രയെന്നു പറയാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 3 ലേബർ കോടതികളിലും 3 ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലുമായി 28-2-1986 വരെ ആകെ 2207 കേസുകൾ തീർപ്പു കൽപ്പിക്കാതെ കിടപ്പുണ്ട്.

(ബി) ഇതിൽ ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽപ്പെട്ട 87 കേസുകളും ഉൾപ്പെടുന്നു.

പീരുമേട്ടിൽ തൊഴിൽ തർക്ക കോടതി സ്ഥാപിക്കുന്നതിനു നടപടി

243 [414] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ മേഖലയായ പീരുമേട്ടിൽ ഒരു തൊഴിൽതർക്ക കോടതി സ്ഥാപിക്കുന്നതിനു സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) ഇടുക്കി ജില്ലയിലെ പ്ലാന്റേഷൻ വ്യവസായത്തിലെ തൊഴിൽ തർക്കങ്ങൾ മാത്രം പരിഹരിക്കുന്നതിനു ഒരു പ്രത്യേക ലേബർ ഓഫീസറെ പീരുമേട് കേന്ദ്രമായി നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ. ബി) പ്ലാന്റേഷൻ മേഖലയിലെ തൊഴിൽ തർക്കങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനു നിലവിലുള്ള സംവിധാനം തന്നെ പര്യാപ്തമായതിനാൽ അതിനുവേണ്ടി പീരുമേട് ആസ്ഥാനമായി ഒരു തൊഴിൽ കോടതി സ്ഥാപിക്കേണ്ടതുണ്ടെന്നോ, ഒരു പ്രത്യേക ലേബർ ഓഫീസറെ നിയമിക്കേണ്ടതുണ്ടെന്നോ സർക്കാർ കരുതുന്നില്ല.

ഗ്വാളിയർ റയോൺസ് ഫാക്ടറി

244 [415] ശ്രീ. കെ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

മാവൂരിലെ ഗ്വാളിയർ റയോൺസ് ഫാക്ടറി എത്ര കാലമായി പൂട്ടി കിടക്കുന്നു ?

ഉത്തരം

മാവൂരിലെ ഗ്വാളിയർ റയോൺസ് ഫാക്ടറി 7-7-1985 മുതൽ തൊഴിലാളികളുടെ സമരം മൂലം പ്രവർത്തിക്കുന്നില്ല.